<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2783**</u> <u>**13-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**വീട്ടുകളിൽ സോളാർപ്ലാന്റ്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വീട്ടുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ നൽകുമോ? | (എ) | വൈദ്യുതി ബോർഡിന്റെ 'സൗര' പദ്ധതിയുടെ ഭാഗമായി ഗാർഹിക മേഖലയിൽ, പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ, കേന്ദ്ര ഗവൺമെന്റിന്റെ നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിൽ നിന്നും 1 മുതൽ 3 കിലോവാട്ട് വരെ കിലോവാട്ടിന് 14588 രൂപയും 3 കിലോവാട്ടിന് മേൽ 10 കിലോവാട്ട് വരെ കിലോവാട്ടിന് 7294 രൂപയും സബ്സിഡി ആയി നൽകുന്നുണ്ട്. എന്നാൽ 05.01.2024 -ലെ ഓഫീസ് മെമ്മോറാണ്ടത്തിലൂടെ MNRE വഴി രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് 1 മുതൽ 3 കിലോവാട്ട് വരെ 18000 രൂപയും 3 മുതൽ 10 കിലോവാട്ട് വരെ 9000 രൂപയും സബ്സിഡിയായി നല്കാൻ ഉത്തരവായിട്ടുണ്ട്.<br><br>അനെർട്ട് മുഖേന വീട്ടുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര സബ്സിഡി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl No. | Capacity in kW | Total Project Cost | Eligible subsidy |
|---|---|---|---|
| 1 | 2kW | Rs. 1,35,000/- | Rs. 29,176/- |
| 2 | 3kW | Rs. 1,90,500/- | Rs. 43,764/- |
| 3 | 4kW | Rs. 2,22,567/- | Rs. 51,058/- |
| 4 | 5kW | Rs. 2,73,595/- | Rs. 58,352/- |
| 5 | 6kW | RS. 3,56,108/- | Rs. 65,646/- |
| 6 | 7kW | Rs. 3,87,593/- | Rs. 65,646/- |
| 7 | 8kW | Rs. 4,45,135/- | Rs. 80,234/- |
| 8 | 9kW | Rs. 5,01,591/- | Rs. 80,234/- |
| 9 | 10kW | Rs. 5,40,676/- | Rs. 94,822/- |

സെക്ഷൻ ഓഫീസർ